**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **09-02-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ എത്ര സംരംഭങ്ങൾ 2022-ൽ ആരംഭിച്ചിട്ടുണ്ട്; ആയതിന് എത്ര കോടി രൂപ വായ്പയിനത്തിൽ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം (SVEP), മലപ്പുറം ജില്ലയിൽ നിലമ്പൂർ, പെരുമ്പടപ്പ്, പെരിന്തൽമണ്ണ എന്നീ മൂന്ന് ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ, നിലമ്പൂർ ബ്ലോക്കിൽ 2018-ൽ ആരംഭിച്ച പദ്ധതി നടത്തിപ്പ് 100% ടാർഗറ്റ് പൂർത്തീകരിച്ചിട്ട് നാല് വർഷം കഴിഞ്ഞു. 2021-ൽ അനുമതി ലഭിച്ച പെരുമ്പടപ്പ് ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. 2022-ൽ അനുമതി ലഭിച്ച പെരിന്തൽമണ്ണ ബ്ലോക്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2018-ൽ ആരംഭിച്ച നിലമ്പൂർ ബ്ലോക്കിൽ നാളിതുവരെ 2,216 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1,392 സംരംഭങ്ങൾക്ക് 4.91 കോടി രൂപ സി.ഇ.എഫ്. (കമ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്) വായ്പയും 11 സംരംഭങ്ങൾക്ക് 2.52 കോടി രൂപ ബാങ്ക് വായ്പയും അനുവദിച്ചിരുന്നു. 2022-ൽ മാത്രം നിലമ്പൂർ ബ്ലോക്കിൽ 245 സംരംഭങ്ങൾ ആരംഭിച്ചു. 187 സംരംഭങ്ങൾക്ക് 80.95 ലക്ഷം രൂപ സി.ഇ.എഫ്. വായ്പയും 39 സംരംഭങ്ങൾക്ക് 79 ലക്ഷം രൂപ ബാങ്ക് വായ്പയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ